"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

നം.LSGD-DB2/561/2026-LSGD
തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 06-11-2026

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന നോട്ടിഫൈഡ് റോഡുകളുടെ പട്ടിക പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- Licensed Engineers & Supervisors Federation (LESF), കേരള സ്റ്റേറ്റ് കമ്മിറ്റി സമർപ്പിച്ച നിവേദനം.

കെട്ടിട നിർമ്മാണ അപേക്ഷകളും പ്ലാനുകളും സമർപ്പിക്കുമ്പോൾ, വസ്തു സ്ഥിതി ചെയ്യുന്ന റോഡ് നോട്ടിഫൈഡ് റോഡ് ആണോ അല്ലയോ എന്ന് തിരിച്ചറിയുന്നതിൽ ലൈസൻസികൾക്കും ഉദ്യോഗസ്ഥർക്കും ബുദ്ധിമുട്ടുകൾ നേരിടുന്നതായും, ഇത് പലപ്പോഴും മുൻവശത്തെ സെറ്റ്ബാക്ക് സംബന്ധിച്ച അവ്യക്തതകൾക്കും വ്യത്യസ്ത രീതിയിലുള്ള പരിശോധനകൾക്കും കാരണമാകുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി .

ഇക്കാര്യം പരിശോധിച്ചതിൽ നിന്നും ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ വരുന്ന നോട്ടിഫൈഡ് റോഡുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുന്ന ഔദ്യോഗിക പട്ടിക കൃത്യമായി തയ്യാറാക്കി പ്രസിദ്ധീകരിക്കുകയാണെങ്കിൽ റോഡ് നോട്ടിഫൈഡ് ആണോ എന്നതിലുള്ള അവ്യക്തത ഒഴിവാക്കുന്നതിലൂടെ പൊതുജനങ്ങൾക്കും ലൈസൻസികൾക്കും ഒരുപോലെ നിയമവ്യവസ്ഥകൾ പാലിച്ച് സുഗമമായി പ്ലാനുകൾ സമർപ്പിക്കാൻ സാധിക്കുന്നതാണെന്ന വസ്തുത കണക്കിലെടുത്ത് താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്നു.

1. സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ ഭരണപരിധിക്കുള്ളിൽ വരുന്ന നോട്ടിഫൈഡ് റോഡുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുന്ന സമഗ്രമായ പട്ടിക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കേണ്ടതാണ്.

2. ഈ പട്ടിക രണ്ട് മാസത്തിനകം പ്രസിദ്ധീകരിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ നടപടികൾ പ്രിൻസിപ്പൽ ഡയറക്ടർ നിരീക്ഷിച്ചു ഉറപ്പു വരുത്തേണ്ടതാണ് .

ഉത്തരവിൻ പ്രകാരം

ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

Digitally signed by Smitha. L
Date: 06-11-2026 17:25:20

സെക്ഷൻ ഓഫീസർ

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്.
2. ചീഫ് ടൗൺ പ്ലാനർ , തിരുവനന്തപുരം
3. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും
4. എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും(ജോയിന്റ് ഡയറക്ടർമാർ മുഖേന)
5. ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ & പി.ആർ.ഡി
7. കരുതൽ ഫയൽ (ഡി.ബി2/561/2026/ത.സ്വ.ഭ.വ)